# പേരമരച്ചോട്ടിൽ

2224 15

ബസ്സ് കിട്ടാൻ വൈകി. ഇരുളിരമ്പികയറുകയാണ്. കണ്ണിലേക്കിരുട്ട് കുത്തികയറുന്നു. അവളുടെ കണ്ണുകൾ ചിമ്മി. മെയിൻ റോഡിലൂടെ പോയാൽ വീട്ടിലെത്തുമ്പോൾ ഒത്തിരി വൈകും. കുറിഞ്ഞിക്കാവിലൂടെ അവൾ പായുകയാണ്. കാവിന്റെയുള്ളം മുഴുവൻ അവളുടെ സ്വന്തമാണെന്ന ഭാവമാണ്. എങ്കിലും അവളുടെയുള്ളം പിടയുന്നുണ്ടായിരുന്നു. അവൾക്കറിയാം അടുപ്പിലെരിയുന്ന തീക്കനൽ അവളുടെ അമ്മയുടെ നെഞ്ച് പുകയ്ക്കുന്നുണ്ടെന്ന്. കാവിൽ നിന്നും ഇടവഴിയിലേയ്ക്കിറങ്ങി ഇരുപത്തിയഞ്ച് ചുവടുകൾ വച്ചപ്പോൾ വീടിന്റെ മുൻവശത്തെത്തി. അവളൊന്ന് ദീർഘനിശ്വസിച്ച് തലയുയർത്തി തീക്കനൽ ആളിപ്പടർന്നു. വലിയൊരു തീഗോളം അവളുടെ വയറ്റിൽ നിന്ന് രൂപാന്തരം പ്രാപിച്ച് നെഞ്ചിലൂടെയൊഴുകി വായിലൂടെ പറന്നുപോയി.

അവളുടെ വീടിനു മുൻവശത്ത് നിറയെ ചുവന്ന കസേരകൾ നിരത്തിയിട്ടിരിക്കുന്നു. നീല ഷീറ്റും വലിച്ചു കെട്ടിയിട്ടുണ്ട്. അവിടെയുമിവിടെയുമായി കുറച്ച് പ്രായം ചെന്ന ആളുകൾ കൂട്ടംകൂടിയും അല്ലാതെയും ഇരിക്കുകയും നിൽക്കുകയുമൊക്കെ ചെയ്യുന്നുണ്ട്. അവൾ മലർക്കെ തുറന്നിട്ടിരിക്കുന്ന ഗെയ്റ്റിലൂടെ വീട്ടിലേയ്ക്ക് കയറി. സ്കൂൾ ബാഗ് അവളുടെ മുറിയിൽ വച്ചിട്ട് പുറത്തിറങ്ങി. ചുറ്റും കണ്ണയച്ചപ്പോൾ ആദ്യം കണ്ടത് വെളുത്ത പുടവയണിഞ്ഞ മാലാഖയെപ്പോലെ ആമ്പുലൻസ് അകന്ന് പോവുന്നതാണ്. ആമ്പുലൻസ് ശാന്തമായി പോകുന്നത് അവൾ ആദ്യമായി കാണുകയായിരുന്നു. അതിൽ അവൾക്ക് സംതൃപ്തി തോന്നി.

മാധവൻ ചേട്ടന്റെ വീടിന്റെ വരുവുവരെ അവൾ അതിനെയൊന്നടക്കിച്ചു. പെട്ടെന്നവളിൽ ചിന്തകളുടെ പ്രളയപരമ്പര പൊട്ടിപ്പുറപ്പെട്ടു. അടക്കാനാവാത്ത വികാരങ്ങളുടെ പെരുമഴയെ അവൾ തീകൊണ്ട് ചുട്ടെരിച്ചു കളഞ്ഞു. ബാഷ്പീകരിക്കപ്പെട്ടത് അവളിൽ കാർമേഘങ്ങളായ് തിങ്ങികൂടി.

അവൾ രാധേച്ചിയെക്കാണാനായ് വീടിന്റെ പടിയിറങ്ങി. വയ്ക്കുന്ന ഓരോ ചുവടുകളും പിഴയ്ക്കുന്നതായവൾക്കനുഭവപ്പെട്ടു. അവളെക്കാൾ നന്നായി നടക്കുന്ന വൃദ്ധയെ നോക്കിയവൾ പുഞ്ചിരിച്ചു. രാധേച്ചിയുടെ മുഖം മൂടിവച്ചിരിക്കുകയാണ്. എല്ലാവരുടെയും മുഖം അങ്ങനെതന്നെയാണ്. മാസ്ക് ധരിച്ചിരിക്കുന്നു. അവൾ രാധേച്ചിയെക്കിടത്തിയിരിക്കുന്ന മുറിയിലേയ്ക്ക് കയറിയതും രാധേച്ചിയുടെ അമ്മ അവളുടെ പിന്നിലൂടെ വന്ന് വേഗത്തിൽ മാസ്ക് വച്ചുകൊടുത്തു. എന്നിട്ട് അവളെ മുറിക്കുപുറത്തിറക്കി വാതിലടച്ച് സാക്ഷകൾ ബന്ധിച്ചു.

അവൾ വിറയ്ക്കുന്നുണ്ടായിരുന്നു. രാധേച്ചിയുടെ അമ്മ അവളെ കസേരയിൽ പിടിച്ചിരുത്തി. അവൾക്ക് രാധേച്ചിയെ കാണണം. അവൾ വാശി പിടിച്ചു. അവളുടെ അമ്മ എന്തോ കാതിൽ മന്ത്രിച്ചു. അവൾ പതിയടങ്ങി. വീടു മുഴുവൻ നീർത്തുള്ളികൾ തളം കെട്ടികിടക്കുകയാണ്. സമയം ഇഴഞ്ഞകലുന്നതായവൾ കണക്കുകൂട്ടി. രാത്രി ഒൻപത് മണിയായാൽ മാത്രമേ ഡോക്ടർമാർ വരികയുള്ളൂ. അതിനുശേഷം പുലരും മുൻപേ അടക്കം ചെയ്യണം. ദഹിപ്പിക്കരുതല്ലോ.

(15)

അവൾ നീർത്തുള്ളികളിലൂടെ ചാടിക്കളിച്ചു. കുറച്ചു കഴിഞ്ഞപ്പോൾ നിലം വരണ്ടുണങ്ങിയിരുന്നു. അവൾ വീണ്ടും കസേരയിൽ സ്ഥാനം പിടിച്ചു. ഓർമ്മയുടെ ഓളക്കുത്തൊഴുക്കിൽ അവൾ കൈകാലി-ട്ടടിച്ചു നീന്തിത്തുടിച്ചു.

പേരമരം അവളുടെ വീടിനെക്കാൾ ഉയരത്തിലാണുള്ളതെന്ന് രാധേച്ചി എപ്പോഴും പറ-യുമായിരുന്നു. കുറിഞ്ഞിക്കാവിലാണ് പേരമരമുള്ളത്. കാവിലാരാണ് പേരമരം നട്ടതെന്ന സംശയം ഇരുവ-രെയും അലട്ടിയിരുന്നു. അതു കണ്ടുപിടിക്കുന്നതിനു മുൻപേ രാധേച്ചി പോയി. എന്നും രാവിലെ ഒരുമിച്ചാ-ണ് ഇരുവരും ബസ്‌സ്റ്റോപ്പിലേയ്ക്ക് പോവുക. കുറിഞ്ഞി-ക്കാവിലൂടെ. പേരയ്ക്കകൾ പഴുത്തെത്തി നിൽക്കുന്ന സമയമാണ്. കാവിലിപ്പോൾ ഇലഞ്ഞിപ്പൂവും പൂക്കുന്നുണ്ട്. അതിന്റെ കുത്തിത്തുളയ്ക്കുന്ന ~~[illegible]~~ വാസനയെ കുത്തിത്തിറുന്നത് പേരയ്ക്കയുടെ മാംസളമായ ഗന്ധമാണ്. തോട്ടികൊണ്ടുപോലുമെത്താത്തത്ര ഉയരത്തിലാണ് പേരയ്ക്കകൾ പഴുത്തു തൂങ്ങുന്നത്. അവ അവർക്ക് ദാനമായ് നൽകുന്നത് പക്ഷികളായിരുന്നു. ഏതു പക്ഷിയെന്നതവർക്കൊരു പ്രശ്നമായിരുന്നില്ല.

കാവിനടുത്ത കുമാരൻചേട്ടന്റെ ഭാര്യ അവർ പേരക്കകൾ പെറുക്കിയെടുക്കുന്നത് എന്നും കാണുമായിരുന്നു. അവർക്ക് അമർഷം തോന്നും. താഴെവീഴുന്നത് പെറുക്കിത്തിന്നുന്നതിലല്ല അവർക്ക് കിട്ടാത്തതുകൊണ്ട്. അവരുടെ ലീലാവിലാസങ്ങളെല്ലാം വീക്ഷിച്ചുകൊണ്ട് ഒരുകൂട്ടം വവ്വാലുകളെന്നും പേരമ-രത്തിൽ തലകീഴായ് കിടക്കും. ഇവരെനോക്കി കണ്ണിറു-ക്കും. ചിലപ്പോൾ കളിയാക്കിച്ചിരിക്കും.

വഴിനീളെ പേരയ്ക്കകൾ തിന്ന് നടക്കാൻ നല്ല രസമായിരുന്നു. ചെറുപ്പം മുതലേ അവൾ മാവിലെ പേരക്കകൾ കഴിക്കുമായിരുന്നു. പേരക്കകൾ തിന്നാണവൾ വളർന്നതെന്നും രാധയുടെയും അവളുടെയും അമ്മമാർ വളർത്തിയതുകൊണ്ടല്ല ഇരുവരും നല്ല നിറം വെച്ചിരിക്കുന്നതെന്നും കുമാരൻചേട്ടന്റെ ഭാര്യ എപ്പോഴും അവളുടെ അമ്മയോട് പറയുന്നതവളോർത്തു. വെളുത്തൊരു സുപ്രഭാതത്തിൽ രാധേച്ചിക്കങ്ങനെയാണിയൊഴിയാ ബാധ വന്നതെന്നവൾക്കെത്രയാലോചിച്ചിട്ടും മനസ്സിലായില്ല.

മരണവീട്ടിലെ പലപല മുറുമുറുപ്പുകളിലും അവൾ കാതോർത്തു. അതിൽ പേരയ്ക്കകൾ മുന്നിൽ സ്ഥാനം പിടിച്ചു. രണ്ടാമതവളും. ചർച്ചാവിഷയം അവൾക്ക് മുഴുവനായും മനസ്സിലായില്ലെങ്കിലും കേവലമായ ഊഹാപോഹങ്ങൾ മാത്രമായിരുന്നില്ല അതെന്നവൾക്ക് ബോധ്യമുണ്ടായിരുന്നു. അവളുടെ ചിന്താമണ്ഡലത്തിന്റെ വലയം അംബുലൻസ് വാഹനം പോലെ പാഞ്ഞകന്നുകൊണ്ടിരുന്നു. രാധേച്ചി കഴിച്ച അതേ മരത്തിലെ പേരയ്ക്കകൾ തന്നെയാണ് താനും കഴിച്ചിരിക്കുന്നത്. രാധേച്ചിയെനോക്കി കണ്ണിറുക്കിയ കളിയാക്കിച്ചിരിച്ച അതേ വവ്വാലുകൾ തന്നെനോക്കിയും അങ്ങനെ ചെയ്യാറുണ്ടായിരുന്നു. പിന്നെയെങ്ങനെയാണ് രാധേച്ചി മാത്രം മുഖം മൂടിയിടുന്നത്. എന്തുകൊണ്ടാണവൾക്ക് മുഖംമൂടാൻ സാധിക്കാതിരുന്നത്. അവൾ മുഖത്ത് മൂടിയിരിക്കുന്ന മാസ്ക് ഒന്നുകൂടി കയറ്റി വച്ചു.

രഹസ്യങ്ങളുടെ കെട്ടഴിക്കാൻ അവൾ പല ഊടുവഴികളിലൂടെയും സഞ്ചരിച്ചു. രാധേച്ചിയുടെ മൃതദേഹം അടക്കംചെയ്തു. അവളതറിഞ്ഞില്ല. ആരും അറിയിച്ചതുമില്ല. അവൾ ഒരു ചോദ്യചിഹ്നമായിരുന്നു. മറ്റുള്ളവർക്ക് മുന്നിലും

അവർക്കു മുന്നിലും കാവിനുമുന്നിലും കുമാരൻചേട്ടന്റെ ഭാര്യയ്ക്കു മുന്നിലും വാവലുകൾക്ക് മുന്നിലും.

ഇരുട്ടിൽ കരിമ്പടക്കെട്ടിനു തിരി തെളിക്കുന്നതിനു മുന്നേ അവൾ ഉണർന്നു. രാത്രിയിൽ കുളിച്ചത് പോരാഞ്ഞിട്ട് അമ്മ നിർബന്ധിപ്പിച്ച് രാവിലെ ഒന്നുകൂടി കുളിക്കാൻ പറഞ്ഞു. കുളിച്ചും മറ്റ് ദിനകൃത്യങ്ങളും കഴിഞ്ഞ് മുൻവാതിൽ തുറന്ന് പത്രം മറിച്ചുനോക്കി. നെറുകയിൽ രാജേശ്വരിയുടെ പുഞ്ചിരി മിന്നിത്തിളങ്ങി. അവളുടെ കണ്ണിൽ നിന്നിറ്റു രക്തത്തുള്ളി രാജേശ്വരിയുടെ മുഖം ചുവപ്പിച്ചു. താഴെയുള്ളതെല്ലാം ഒറ്റനോട്ടത്തിൽ അവൾ വായിച്ചെടുത്തു. അവളറിയാത്ത പല നിഗൂഢ രഹസ്യങ്ങളും അടങ്ങിയ കലവറയാണായെഴുത്തുകൾ എന്നവൾക്ക് തോന്നി.

അവൾ കുറിഞ്ഞിക്കാവിലേയ്ക്കോടി. കാവിന്റെയഗാധത്തിലേയ്ക്കിറങ്ങി. ഇലക്കൂട്ടങ്ങളുടെ അതിർവരമ്പുകളെയും ഭേദിച്ചുകൊണ്ട് വെളിച്ചം നുഴഞ്ഞുകയറിക്കൊണ്ടിരുന്നു. അവളുടെ കാൽപാദത്തെ സ്പർശിച്ചു. അവൾ പേരമരച്ചുവട്ടിൽ പത്രവുമായി നിന്നു. മരച്ചുവട്ടിൽ തളം കെട്ടിനിൽക്കുന്ന നീർത്തുള്ളികൾക്കവൾ നടുങ്ങി. അവൾ മുകളിലേയ്ക്ക് നോക്കി. അവളെ കണ്ണിറുക്കാനും കളിയാക്കിച്ചിരിക്കാനും മുകളിൽ ആരും ഉണ്ടായിരുന്നില്ല. കുമാരൻചേട്ടന്റെ ഭാര്യ പനികൂടി ആശുപത്രിയിലായിരുന്നു. അവൾ തനിച്ചായൊരനുഭവം ഉടലെടുത്തു. അവൾ വലിഞ്ഞുകയറി. രണ്ടുവട്ടം പാവാടയുടക്കി വീഴാൻ പോയി. അവൾ അള്ളിപ്പിടിച്ച് തലകീഴായ് തൂങ്ങി. ~~രാജേശ്വരിയുടെ~~ വെടിപൊട്ടുന്നൊരു ശബ്ദം അവൾ കേട്ടു. അവളുടെ കക്ഷത്തിനിടയിലൂടെ വെടിയുണ്ട തെന്നിമാറി പറന്നുപോയി. പത്രം പറന്നു പോയി.

അവൾ അലറി. വലതുകൈയ്യുടെ പിടിവിട്ടു. അവൾ വീണ്ടും വലിഞ്ഞു കയറി. പേരയ്ക്കകൾ പറിച്ച് പാവാടത്തുമ്പിലെ കെട്ടിത്തൂക്കി. താഴെയിറങ്ങി. കയറുന്നതിനേക്കാൾ അനായാസം ഇറങ്ങുന്നതാണെന്ന രഹസ്യം അവൾ തിരിച്ചറിഞ്ഞു. ആളുകൾ ഓടിക്കൂടി. എല്ലാവരുടെയും കൺമുമ്പിൽ അവൾ പഴുത്തുമെത്തിയ പേരയ്ക്കകൾ കടിച്ചു. പേരയ്ക്ക കടിക്കുന്നതിനേക്കാൾ അവളുടെ ശ്രദ്ധ മുറുമുറുപ്പുകളിലായിരുന്നു.

അവൾ ചവച്ചരച്ചു. നുണഞ്ഞിറക്കി. പലതും നടന്നു. അവളിൽ തിങ്ങിക്കൂടിയ കാർമേഘങ്ങൾ പേമാരിയായ് പെയ്തിറങ്ങി. അവൾ പൊട്ടിപ്പൊട്ടി കരഞ്ഞു. നീർത്തുള്ളികളിൽ നിന്ന് പ്രളയമുത്ഭവിച്ചു. പ്രളയത്തിൽ ഓടിക്കൂടിയ ആളുകൾ മുങ്ങിത്താണുപോയി. അവൾ നിർവികാരതയോടെ വീട്ടിലേയ്ക്ക് നടന്നു. അമ്മ പലതും ചോദിച്ചു. അവൾ പേരയ്ക്കകൾ തിന്നുതീർക്കുകയായിരുന്നു. സഹികെട്ടപ്പോൾ അവളുടെ കയ്യിൽ നിന്ന് തട്ടിപ്പറിച്ചമ്മയും തിന്നു. അവൾക്കാരെയും കുറ്റപ്പെടുത്താനുണ്ടായിരുന്നില്ല.

അന്നടുപ്പിൽ തീ പുകഞ്ഞിരുന്നില്ല. അവളുടെ ഓടിട്ട വീടിനേക്കാൾ പൊക്കം കുറഞ്ഞ വീടായിരുന്നു രാധേച്ചിയുടെ ഓടിട്ട വീട്. അവിടെപ്പുകഞ്ഞ പുക അവളുടെ വീടിനു മുകളിൽ പടരുന്നുണ്ടായിരുന്നു. ഉച്ചമയക്കം കഴിഞ്ഞെഴുന്നേറ്റവളുടെ കണ്ണുകൾ മഞ്ഞളിക്കുന്നുണ്ടായിരുന്നു.

അവൾ അമ്മയോട് കണ്ണുമഞ്ഞളിക്കുന്നുണ്ടോയെന്ന് തിരക്കി. അമ്മ ഒന്നും പറഞ്ഞില്ല. അവളുടെ നെറ്റിയിൽ വിരലുകളോടിക്കുക മാത്രം ചെയ്തു. അമ്മ പറഞ്ഞു: "നീയും പനിച്ചുതുടങ്ങിയല്ലോ...!!"